# കേരള സർക്കാർ

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

## അഭ്യർത്ഥന

*നമ്പർ 72783/ഡി.ആർ.എഫ്-എ1/11/റവ.* *തിരുവനന്തപുരം, 2012 ജനുവരി 24.*

വിഷയം:—മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത്—സംബന്ധിച്ച്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുണ്ടാകുന്ന മാരക രോഗങ്ങൾക്ക് ചികിൽസാ ധനസഹായം നൽകുക, അപകടമരണങ്ങൾ/ഇടിമിന്നലേറ്റുള്ള മരണങ്ങൾ എന്നിവയ്ക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് അടിയന്തിര ധനസഹായം നൽകുക, എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുക എന്നിങ്ങനെയുള്ള അടിയന്തിര സ്വഭാവമുള്ള ആവശ്യങ്ങൾ നിറവേറ്റാനാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്.

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നുമുള്ള സംഭാവന വഴിയാണ് ഇതിലേക്ക് ധനസമാഹരണം നടത്തുന്നത്. ചികിൽസാ ചെലവുകളും മറ്റും സാധാരണക്കാരന് താങ്ങാൻ പറ്റാത്തവിധം വർദ്ധിച്ചതിനാലും അപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനാലും ഈ നിധിയിൽനിന്നും ധനസഹായത്തിനായുള്ള അപേക്ഷകൾ ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. അതിനാൽ എല്ലാവർക്കും യഥാസമയം ധനസഹായം നൽകാൻ ഈ ഫണ്ട് തികച്ചും അപര്യാപ്തമായിരിക്കുന്നു. ഈ നിധിയിലേക്ക് കൂടുതൽ ധനസഹായം സമാഹരിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. വ്യക്തികളും സ്ഥാപനങ്ങളും സന്മനസ്സുള്ള സകലരും തങ്ങളുടെ കഴിവിന്റെ പരമാവധി ഈ നിധിയിലേക്ക് സംഭാവന നൽകി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളെ സഹായിക്കാൻ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ സർക്കാർ ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, ബാങ്ക് ഇൻഷ്വറൻസ് മേഖലകളിലെ ജീവനക്കാർ, വിദേശമലയാളികൾ, വിവിധ സർവ്വീസ് സംഘടനകൾ, വ്യവസായികൾ, കലാ-സാഹിത്യ രംഗത്തുള്ളവർ, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി സമസ്ത മേഖലകളിലുള്ളവരും സമൂഹത്തിലെ ദുർബലരെ സഹായിച്ചുകൊണ്ട് തങ്ങളുടെ സാമൂഹ്യ ചുമതല നിർവ്വഹിക്കാനുള്ള ഈ സദുദ്യമത്തിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

GCPT. 3/537/2012/DTP.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾക്ക് 1961–ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 80 ജി (2) (iii എച്ച്.എഫ്.) പ്രകാരം ഇൻകം ടാക്സിൽ 100% ഇളവിന് അർഹതയുണ്ടെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. സംഭാവനകൾ പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ട്രഷറർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

ഉമ്മൻ ചാണ്ടി,

*മുഖ്യമന്ത്രി.*

എല്ലാ വകുപ്പുതലവൻമാർക്കും.

ജില്ലാ കളക്ടർമാർക്ക്.

പി.ആർ.ഡി. ഡയറക്ടർ (വിവിധ മാധ്യമങ്ങളിൽ കൂടി വൻ പ്രചരണം നൽകുന്നതിന്).

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

റവന്യൂ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്,
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-ക്ക്.

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-ക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.